പ്രവർത്തനങ്ങൾക്ക് ഇതിനോടകം തന്നെ സ്കൂളുകളിൽ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തവും കൂടി ഉറപ്പുവരുത്തുന്നുണ്ട്.

മാതൃഭാഷ പഠനം

222(2578) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലംവരെ മാതൃഭാഷ പഠനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാനത്ത് പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി വരെ മാതൃഭാഷയായ മലയാളപഠനം നിർബന്ധമാക്കിയിട്ടുണ്ട്. 1-9-2011-ലെ സർക്കാർ ഉത്തരവ് സ.ഉ (പി) നമ്പർ 183/2011/പൊ.വി.വ, 2017-ലെ മലയാളഭാഷപഠന ആക്ട് എന്നിവ പ്രകാരം എല്ലാ വിഭാഗം സ്കൂളുകളിലും മാതൃഭാഷാപഠനം ഉറപ്പാക്കണമെന്ന് ഉത്തരവായിട്ടുണ്ട്. കേരളത്തിലെ തമിഴ്, കന്നഡ മീഡിയം സ്കൂളുകളിൽ മലയാളഭാഷാ പഠനത്തിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 'നമ്മുടെ മലയാളം' പാഠപുസ്തകം 4-ാം ക്ലാസ് വരെ നൽകിയിട്ടുണ്ട്. അഞ്ചാം ക്ലാസ്സിന്റെ പാഠപുസ്തകം ഈ വർഷം തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്രമേണ എല്ലാ ക്ലാസ്സുകളിലേയ്ക്കും വ്യാപിപ്പിക്കും. മാതൃഭാഷാപഠനം ശക്തമാക്കുന്നതിന് "മലയാളത്തിളക്കം" പോലുള്ള പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ എല്ലാ പാഠപുസ്തകങ്ങളുടെയും (74 ടെറ്റിലുകൾ) മലയാളം പരിഭാഷ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയത് കുട്ടികൾക്ക് ഏറെ സഹായകമാണ്. 24 വിഷയങ്ങൾക്ക് (15 മാനസികവും 9 ശാസ്ത്രവും) സാങ്കേതിക പദാവലികൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയതും മലയാളത്തിലുള്ള പഠനത്തിന് മുതൽക്കൂട്ടായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ പഠനത്തിന്റെ കാലത്ത് ഭൂരിപക്ഷം കുട്ടികൾക്കും പഠന രീതികൾ പിന്തുടരാൻ കഴിയാത്ത സാഹചര്യത്തിൽ മാതൃഭാഷയിൽ കൂടി അദ്ധ്യയനം ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈൻ പഠനകാലത്തും മാതൃഭാഷയെ പരിപോഷിപ്പിക്കുന്നതിന് അനുസൃതമായ നടപടികളാണ് എടുത്തു വരുന്നത്. ഏത് ഭാഷയും ഏത് വിഷയവും പഠിപ്പിക്കുമ്പോൾ മാതൃഭാഷയിൽ കൂടി വിശദീകരിക്കണമെന്ന നിർദ്ദേശം ക്ലാസ്സെടുക്കുന്ന അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. വിശദീകരണങ്ങൾ മലയാളത്തിലായത് കുട്ടികൾക്ക് ഏറെ സഹായകമായിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിലുള്ള വിദഗദ്ധസമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷമാണ് ക്ലാസ്സുകൾ സംപ്രേഷണം ചെയ്തത്.

പ്ലാൻ ഫണ്ട് ഉപയോഗം

223(2579) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ ഭരണാനുമതി ലഭിച്ച പ്ലാൻ ഫണ്ട് പ്രവൃത്തികളുടെ വിശദവിവരം ഭരണാനുമതിയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 1-3-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

- ഗവൺമെന്റ് യു.പി. സ്കൂൾ, പുതുശ്ശേരിമല-നിർമ്മാണം അന്തിമഘട്ടത്തിലാണ്.
- ഗവൺമെന്റ് എൽ.പി.ജി സ്കൂൾ, റാന്നി-നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.
- ഗവൺമെന്റ് എൽ.പി. സ്കൂൾ, അട്ടത്തോട്-നിർമ്മാണം ആരംഭിച്ചിട്ടില്ല.
- ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കിസുമം - നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് കിഫ്ബി വഴി നടപ്പിലാക്കിയ/ നടപ്പിലാക്കികൊണ്ടിരിക്കുന്ന/നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി വഴി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.